9825

ബി2-23038/87 കെ.ഡിസ്. തിയതി 18-2-88 (Circular No. 5/88) പ്രകാരം മുഖ്യ വനപാലകൻ, തിരുവനന്തപുരം അയച്ച സർക്കുലറിന്റെ പകർപ്പ്

(135)

909

7601

## സർക്കുലർ നമ്പർ 5/88

വിഷയം: കേസുകൾ കോമ്പൗണ്ട് ചെയ്യുന്നതിന് പ്രതികളിൽനിന്നും മുൻകൂറായി പരിഹാരതുക കൈപ്പറ്റുന്നത് സംബന്ധിച്ച്.

സൂചന: പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 22-12-1987 ലെ P.F.S.P. 81/87-ാം നമ്പർ കത്ത്

---

ഫോറസ്റ്റ് കേസുകൾ കോമ്പൗണ്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽനിന്നും ഉത്തരവ് ഉണ്ടാകുന്നതിന് മുമ്പ് പ്രതികളിൽനിന്നും മുൻകൂറായി പരിഹാരതുക ബന്ധപ്പെട്ട റെയിഞ്ചാഫീസർമാർ വാങ്ങി വയ്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായ നടപടിയായതിനാൽ കുറ്റകരവും ശിക്ഷാർഹവുമാകുന്നു. ആയതിനാൽ പ്രതികളിൽനിന്നും മുൻകൂറായി പരിഹാരതുക വാങ്ങുവാൻ പാടുള്ളതല്ല. കൂടാതെ ഫോറസ്റ്റ് കേസുകൾ കോമ്പൗണ്ട് ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട റെയിഞ്ചാഫീസർമാരിൽനിന്നും ശുപാർശകൾ ലഭിച്ചു മാസങ്ങൾ പലതു കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉത്തരവുകൾ പുറപ്പെടുവിക്കാതെ കാലതാമസം വരുത്തുകയും തന്മൂലം പരിഹാരതുക ഈടാക്കുന്നതിനോ യഥാസമയം കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്യുന്നതിനോ സാധിക്കാതെ വരുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ കേസ് കോമ്പൗണ്ട് ചെയ്യുന്നതിന് വേണ്ടി റെയിഞ്ചാഫീസറിൽനിന്നും കത്തുകൾ ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്നതായാൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട കേസുകളിൽ ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിയായിരിക്കും. കേസുകൾ കോമ്പൗണ്ട് ചെയ്യുവാൻ അനുയോജ്യമല്ലെന്ന് മതിയായ കാരണങ്ങളാൽ ബോദ്ധ്യപ്പെട്ടാൽ അപ്രകാരമുള്ള കേസുകൾ എത്രയും വേഗം കോടതി മുമ്പാകെ ചാർജ്ജ് ചെയ്യുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസർമാർക്ക് നിർദ്ദേശം കൊടുക്കേണ്ടതാണ്.

(ഒപ്പ്)

എം. ശിവരാജൻ

പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

എല്ലാ കൺസർവേറ്റർമാർക്കും/
DFOs.

(മറുപുറം)

മേലെഴുത്ത് നമ്പർ എ2-2114/88 അം.തി. തിയതി 9-3-88

പകർപ്പ് സ്റ്റോക്ക് ഫയലിലേക്ക്

മുഖ്യ മേഖല വനപാലകനു വേണ്ടി

R
16/3